(ബി) മെഡിക്കൽ വിദ്യഭ്യാസ വകുപ്പിൽ 350 ഡോക്ടർമാരുടെ ഒഴിവുകളുണ്ടായിരിക്കെ ഡോക്ടർമാരെ പുനർവിന്യസിക്കുന്നത് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നകാര്യം പരിശോധിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ ;

(സി) മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകളിൽ വേണ്ടത്ര തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി, അവയുൾപ്പെടെയുള്ള സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരെ പുനർവിന്യസിച്ചതും അതിനുള്ള മാനദണ്ഡം കണക്കാക്കിയതും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡം അനുസരിച്ചാണ്. പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകൾക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നിലനിർത്തുന്നതിനായി മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ അധികമാണെന്ന് കണ്ടെത്തിയിട്ടുള്ള തസ്തികകളാണ് പുതുതായി ആരംഭിച്ച കോളേജുകളിലേയ്ക്ക് പുനർവിന്യാസം നടത്തിയിട്ടുള്ളത്.

(ബി) മെഡിക്കൽ കോളേജുകളുടെ പ്രവർത്തനംകൂടി കണക്കിലെടുത്താണ് പുനർവിന്യാസം നടപ്പിലാക്കിയിട്ടുള്ളത്.

(സി) ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി, ഇടുക്കി എന്നിവിടങ്ങളിൽ യഥാക്രമം 255, 47 തസ്തികകൾ സൃഷ്ടിക്കുകയും ഇന്ത്യൻ മെഡിക്കൽ കൗൺസിൽ മാനദണ്ഡം അനുസരിച്ച് അംഗീകാരം നിലനിർത്തുന്നതിനുള്ള പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ തസ്തികകൾ സൃഷ്ടിക്കപ്പെടുന്നമുറയ്ക്ക് സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതാണ്.

കാസർഗോഡ് മെഡിക്കൽ കോളേജ്

109 (801) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മെഡിക്കൽ കോളേജ് ഈ ഗവൺമെന്റിന്റെ കാലത്ത് പ്രവർത്തനമാരംഭിക്കുവാനാകുമോ ;

(ബി) മെഡിക്കൽ കോളേജിന്റെ തറക്കല്ലിട്ടതിനുശേഷം നാളിതുവരെയും യാതൊരുവിധ നിർമ്മാണപ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; അതിനുള്ള കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ടി മെഡിക്കൽ കോളേജിനായി മൊത്തംവരുന്ന ചെലവെത്രയാണ് ; ടി ഇുക എങ്ങനെ കണ്ടെത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ; ഇതിനകം അനുവദിച്ച ഇുകയുടെ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് മെഡിക്കൽ കോളേജ് 2016-17-ൽ പ്രവർത്തനക്ഷമ മാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) തറക്കല്ലിട്ടതിനുശേഷം നരിക്കല്ല് നിറഞ്ഞ പ്രദേശം പ്രവർത്തന സജ്ജമാക്കാൻ തീവ്രപ്രയത്നം വേണ്ടിവന്നു. പ്രദേശത്ത് വൈദ്യുതി വിതരണത്തിന് നിലവിലുണ്ടായിരുന്ന ലൈനുകൾ മാറ്റി സ്ഥാപിക്കുകയും പുതുതായി ലൈനുകൾ സ്ഥാപിച്ചും പ്രവർത്തനയോഗ്യമാക്കി. പദ്ധതി പ്രദേശത്ത് റോഡുകളുടെ നിർമ്മാണം നടക്കുന്നു. ശുദ്ധജല വിതരണത്തിന് കേരള വാട്ടർ അതോറിറ്റി തീവ്രമായി പ്രവർത്തിക്കുന്നു. ആശുപത്രിക്ക് വേണ്ടി ആദ്യഘട്ട നിർമ്മാണത്തിന് കിറ്റ്കോ ലിമിറ്റഡിന്റെ നേതൃത്വത്തിൽ 27-12-2014 -ൽ ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ അടങ്കൽതുക 6845 ലക്ഷം രൂപയാണ്. ടെൻഡർ അംഗീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കാസർഗോഡ് പാക്കേജിൽനിന്നും കോളേജിന് 25 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

(സി) കാസർഗോഡ് മെഡിക്കൽ കോളേജിനായി 388 കോടി രൂപ അടങ്കൽ ചെലവ് പ്രതീക്ഷിക്കുന്നു. ഡോ. പി. പ്രഭാകരൻ കമ്മീഷൻ ശിപാർശ ചെയ്ത 25 കോടി രൂപ 2014-15-ൽ ലഭ്യമാകും. നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീം പ്രകാരം 6845 ലക്ഷം രൂപയും ലഭ്യമാക്കും. 2012-13, 2013-14, 2014-15 സംസ്ഥാന ബഡ്ജറ്റുകളിലായി 11.25 കോടി രൂപ കാസർഗോഡ് മെഡിക്കൽ കോളേജിനായി അനുവദിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജുകളുടെ അംഗീകാരം പുതുക്കൽ

110 (802) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ സംസ്ഥാനത്തെ സർക്കാർ, സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നടത്തിയ പരിശോധനയിലെ കണ്ടെത്തലുകൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly